**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 821** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>കിഴക്കൻമല സമ്പൂർണ്ണ കുടിവെള്ള പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** പാറശ്ശാല നിയമസഭാ മണ്ഡലത്തിലെ ആര്യൻകോട്, പെരുങ്കടവിള ഗ്രാമപഞ്ചായത്തുകൾക്കായി പൂർത്തിയാക്കി ഉദ്ഘാടനം ചെയ്ത 'കിഴക്കൻമല സമ്പൂർണ്ണ കുടിവെള്ള പദ്ധതി'യുടെ നിലവിലെ പ്രവർത്തനം തൃപ്തികരമാണോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കിഴക്കൻമല കുടിവെള്ള പദ്ധതിയുടെ ( കിഫ്ബി) ഭാഗമായി പൂർത്തിയാക്കി കമ്മീഷൻ ചെയ്ത പമ്പ്ഹൗസ്, ജലശുദ്ധീകരണശാല, ജലസംഭരണികൾ, പ്രധാന പൈപ്പ് ലൈനുകൾ എന്നിവയുടെ പ്രവർത്തനം തൃപ്തികരമാണ്. എന്നാൽ നിലവിലുള്ള ജലവിതരണ ശൃംഖലകളിൽ ആവശ്യമായ കൂട്ടിയോജിപ്പിക്കൽ പ്രവൃത്തികൾ നടത്താതിനാൽ ചില മേഖലകളിൽ കുടിവെള്ള വിതരണത്തിന് തടസ്സം നേരിടുന്നുണ്ട്.

**(ബി)** ടി പദ്ധതി പൂർത്തിയായി ഉദ്ഘാടനം കഴിഞ്ഞിട്ടും ഈ രണ്ട് പഞ്ചായത്തുകളിലെയും എല്ലാ പ്രദേശങ്ങളിലും സുലഭമായി കുടിവെള്ളം ലഭ്യമാകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പ്രദേശങ്ങളിലാണ്/വാർഡുകളിലാണ് നിലവിൽ ജലലഭ്യത കുറവുള്ളതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. പെരുങ്കടവിള പഞ്ചായത്തിലെ പെരുങ്കടവിള, പഴമല, മാങ്കോട് വാർഡുകളിൽ ജലവിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയേറ്റെടുത്ത കരാറുകാരൻ പ്രവൃത്തി നടത്താതെ വന്നതും അതിനെത്തുടർന്നുള്ള കോടതി വ്യവഹാരങ്ങളും കാരണം പ്രവൃത്തി പൂർത്തീകരിക്കാനായിട്ടില്ല. ഇത് പ്രസ്തുത വാർഡുകളിലെ കുടിവെള്ള വിതരണത്തിന് തടസ്സമായിട്ടുണ്ട്.

**(സി)** പദ്ധതി പൂർത്തിയായിട്ടും എല്ലാ വാർഡുകളിലും പൂർണ്ണതോതിൽ ജലം എത്താതിരിക്കാൻ കാരണമായ സാങ്കേതിക തടസ്സങ്ങൾ (പൈപ്പ് ലൈനുകളുടെ അപര്യാപ്തത, പ്രഷർ കുറവ്, ഉയർന്ന പ്രദേശങ്ങളിലെ സംഭരണികളുടെ കുറവ് തുടങ്ങിയവ) എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. ആവശ്യമായ സ്ഥലങ്ങളിൽ ജലവിതരണ ശൃംഖലകളുമായി കൂട്ടിയോജിപ്പിക്കൽ നടത്താത്തതും, പെരുങ്കടവിള പഞ്ചായത്തിലെ പെരുങ്കടവിള, പഴമല, മാങ്കോട്, വാർഡുകളിൽ ജലവിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയേറ്റെടുത്ത കരാറുകാരൻ പ്രവൃത്തി നടത്താതെ വന്നതും പൂർണ്ണ തോതിൽ ശുദ്ധജലവിതരണത്തിന് തടസ്സമായിട്ടുണ്ട്.

**(ഡി)** പ്രസ്തുത പഞ്ചായത്തുകളിലെ എല്ലാ ഉപഭോക്താക്കൾക്കും കിഴക്കൻമല പദ്ധതി വഴി സുലഭമായി കുടിവെള്ളം എത്തിച്ചു നൽകുന്നതിന് എന്തൊക്കെ അടിയന്തര പരിഹാര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ വിഭാവനം ചെയ്യുന്നുണ്ടോ?

**മറുപടി:** പെരുങ്കടവിള പഞ്ചായത്തിലെ പെരുങ്കടവിള, പഴമല, മാങ്കോട്, വാർഡുകളിൽ ജലവിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയേറ്റെടുത്ത കരാറുകാരൻ പ്രവൃത്തി പുനരാരംഭിക്കുവാൻ തയ്യാറായിട്ടുണ്ട്. അത് പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത സ്ഥലങ്ങളിലെ കുടിവെള്ള വിതരണവും പൂർണ്ണതോതിലാക്കാൻ കഴിയും. ജൽജീവൻ മിഷൻ പദ്ധതി വഴി പഞ്ചായത്ത് റോഡുകളിലും പൊതുമരാമത്ത് റോഡുകളിലും സ്ഥാപിച്ച വിതരണ ലൈനുകൾ എത്രയും പെട്ടന്ന് ചാർജ്ജ് ചെയ്ത് എല്ലാ ഉപഭോക്താകൾക്കും കിഴക്കൻമല പദ്ധതി വഴി സുലഭമായി കുടിവെള്ളം എത്തിച്ച് നൽകുന്നതിന് സാധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**